

ദീപിക ദിനപത്ര പ്രചാരണമാസാചരണവും രൂപതാതല ഉദ്ഘാടനവും

ഈശോമിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായപ്രേഷിതരേ,

കേരളത്തിലെ ആദ്യ മലയാളദിനപത്രമായ 'ദീപിക', കഴിഞ്ഞ 140 വർഷങ്ങളായി നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും കാവൽവിളക്കായി നിലകൊള്ളുന്നു. സീറോ മലബാർസഭ 'സമുദായശക്തീകരണവർഷമായി' ആചരിക്കുന്ന ഈ വേളയിൽ, സഭയുടെയും സമൂഹത്തിന്റെയും വേരുകളായ പാലാ രൂപതയുടെ ചരിത്രപാരമ്പര്യവും കാർഷിക-വിദ്യാഭ്യാസമേഖലകളിലെ അതുല്യസംഭാവനകളും മുൻനിർത്തി ദീപികയെ നമ്മുടെ ഓരോ ഭവനങ്ങളിലേക്കും എത്തിക്കേണ്ടത് നാമേവരുടെയും കടമയാണ്.

ത്യാഗത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രതീകമായ പാലാ രൂപതയുടെ ചരിത്രം എന്നും വിശ്വാസത്തിന്റെയും സാമൂഹിക ഉന്നമനത്തിന്റെയും ഏടുകൾ നിറഞ്ഞതാണ്. കാർഷികപ്രതിസന്ധികൾക്കും കർഷകരുടെ അവകാശങ്ങൾക്കും വേണ്ടി എന്നും ശബ്ദമുയർത്തിയതു ദീപികയാണ്. പ്രത്യേകിച്ച്, നമ്മുടെ മലയോരമേഖലകളിലെ കർഷകർ അഭിമുഖീകരിക്കുന്ന വന്യമൃഗശല്യം, റബ്ബർവിലയിടിവ് തുടങ്ങിയ വിവിധ പ്രശ്നങ്ങൾ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നതിൽ ദീപിക മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

കൂടാതെ, സാർവത്രികവിദ്യാഭ്യാസത്തിനും മൂല്യാധിഷ്ഠിതപഠനത്തിനുംവേണ്ടി നിലകൊണ്ട ചരിത്രമാണ് പാലാ രൂപതയ്ക്കുള്ളത്. ഈ വിദ്യാഭ്യാസമുന്നേറ്റങ്ങളെയും സഭാ

തനയരുടെ നേട്ടങ്ങളെയും ലോകത്തിനുമുന്നിൽ കൃത്യമായി അവതരിപ്പിക്കുന്നതിൽ ദീപിക എപ്പോഴും മുമ്പിലുണ്ടായിരുന്നു. ന്യൂനപക്ഷാവകാശങ്ങൾ, അധ്യാപകനിയമനം, ഇ.ഡബ്ല്യു.എസ് സംവരണം, എഫ്.സി.ആർ.എ നിയമഭേദഗതി തുടങ്ങിയ വിഷയങ്ങളിൽ ക്രൈസ്തവസമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ദീപിക ശക്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമായും സഭാതനയരുടെ സ്വന്തമായ ഈ മാധ്യമത്തെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

എല്ലാ കുടുംബങ്ങളെയും ദീപികയുടെ വരിക്കാരാക്കുന്നതിനായി 2026 നവംബർ – ഡിസംബർ മാസങ്ങൾ 'ദീപിക തീവ്രപ്രചാരണമാസങ്ങളായി' പ്രഖ്യാപിക്കുന്നു.

ദീപികമാസാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം 2026 നവംബർ 16 ന് പ്രവിത്താനം ഫൊറോന പള്ളിയിൽവച്ച് നടത്തപ്പെടുന്നു.

പ്രധാന നിർദേശങ്ങൾ:

- എല്ലാ ഇടവകകളിലും 'ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)' ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഉടൻ പൂർത്തീകരിക്കേണ്ടതാണ്.
- നവംബർ – ഡിസംബർ മാസങ്ങളിൽ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഡി.എഫ്.സി ഭാരവാഹികളെയും മറ്റു സംഘടനാപ്രതിനിധികളെയും ഏകോപിപ്പിച്ച് പ്രചാരണം നടത്തുക.
- രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, മതാധ്യാപകർ, സ്കൂൾ-കോളേജ് അധ്യാപകർ, കുടുംബക്കൂട്ടായ്മ ലീഡർമാർ എന്നിവർ മാതൃകയായി ദീപികയുടെ വരിക്കാരായി മാറണമെന്ന് അഭ്യർത്ഥിക്കുന്നു.



- ദീപിക ഉയർത്തിപ്പിടിക്കുന്ന സത്യത്തിന്റെയും നീതിയുടെയും മൂല്യങ്ങൾ നമ്മുടെ ഓരോ കുടുംബത്തിന്റെയും സ്വന്തമാകട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം



മെത്രാസനമന്ദിരം
പാലാ, 30.10.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ